പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2961 | 22.6.2012-ൽ മറുപടിയ്ക്ക്

## കൃഷിഭവനും ഭൂവുടമയും ചേർന്നുള്ള കരാർ കൃഷി പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ. കെ. ബാലൻ | ശ്രീ . കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) കൃഷി ഭവനും ഭൂവുടമയും ചേർന്നുള്ള കരാർ കൃഷി പദ്ധതി പ്രകാരം കൊല്ലം ജില്ലയിൽ എത്ര കൃഷി ഭവനുകൾ കേന്ദ്രീകരിച്ച് പ്രവർത്തനങ്ങൾ നടത്തിയെന്ന് അറിയിക്കാമോ; | (എ) കൊല്ലം ജില്ലയിൽ 18 കൃഷി ഭവനുകളിൽ ഭൂവുടമകളും കൃഷി ചെയ്യുന്നവരും ചേർന്നുള്ള കരാർ കൃഷി പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) ഏതെല്ലാം കൃഷി ഭവനുകളിലാണ് ഈ പദ്ധതി നടപ്പാക്കിയതെന്നറിയിക്കാമോ; | (ബി) തലവൂർ, പൂനലൂർ പത്തനാപുരം, പട്ടാഴി, സൗത്ത്, നെടുവത്തൂർ, കരീപ്ര, ഏഴുകോൺ , പൂയപ്പള്ളി, കടയ്ക്കൽ ചടയമംഗലം , ഓച്ചിറ ക്ലാപ്പന, കെ.എസ്.പുരം, തഴവ ചവറ, വെട്ടിക്കവല കുന്നത്തൂർ, പടിഞ്ഞാറെകല്ലട എന്നീ 18 കൃഷി ഭവനുകളിൽ പദ്ധതി നടപ്പിലാക്കി. |
| (സി) കൊല്ലം ജില്ലയിലെ കൃഷിയോഗ്യമായിരുന്നിട്ടും തരിശായി കിടക്കുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം ഈ പദ്ധതി പ്രകാരം കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകാമോ; | (സി) കൃഷിയോഗ്യമായ തരിശുഭൂമിയുടെ കൃത്യമായ കണക്ക് എടുത്ത് വരുന്നു, ഇതുവരെ 91.55 ഹെക്ടർ കണ്ടെത്തിയിട്ടുണ്ട്. |
| (ഡി) ഈ പദ്ധതി അനുസരിച്ച് കൊല്ലം ജില്ലയിൽ എത്ര കർഷകരുമായി/മഹിളാ സംഘടനകളുമായി കൃഷി ഭവനുകൾ കരാറിൽ ഏർപ്പെട്ടുവെന്ന് അറിയിക്കാമോ? | (ഡി) ഈ പദ്ധതിയനുസരിച്ച് കർഷകർ 168 ഭൂവടമകളുമായി കരാർ ഏർപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ